5. മേശപ്പുറത്തുവച്ച കടലാസ്സുകൾ സംബന്ധിച്ച സമിതിയുടെ പത്ത് മുതൽ പന്ത്രണ്ട് വരെയുള്ള റിപ്പോർട്ടുകൾ

ശ്രീ. ജോസ് തെറ്റയിൽ : സർ, മേശപ്പുറത്തുവച്ച കടലാസ്സുകൾ സംബന്ധിച്ച സമിതിയുടെ ചെയർമാനായ ഞാൻ സമിതിയുടെ പത്ത് മുതൽ പന്ത്രണ്ട് വരെയുള്ള റിപ്പോർട്ടുകൾ സമർപ്പിക്കുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: റിപ്പോർട്ടുകൾ സമർപ്പിക്കപ്പെട്ടിരിക്കുന്നു.

[അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ]

VIII ക്രമപ്രശ്നം

നിലവിലുള്ള ചട്ടങ്ങളിലെ ഭേദഗതി

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, കഴിഞ്ഞ ദിവസം ഞാൻ ഒരു ക്രമപ്രശ്നം ഉന്നയിച്ചിരുന്നു. അതിൽ ഗവൺമെന്റിറക്കിയ ഉത്തരവ് നിലവിലുള്ള ചട്ടങ്ങൾ ഭേദഗതി വരുത്തിക്കൊണ്ടല്ലെന്നും ബഹുമാനപ്പെട്ട കോടതി വിധിയുടെ അടിസ്ഥാനത്തിലാണെന്നും പറഞ്ഞുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രി കോടതി വിധി വായിക്കുകയുണ്ടായി. ആ വിധിയിലെ 17-ാമത്തെ പാരഗ്രാഫാണ് അദ്ദേഹം വായിച്ചത്. അതിനുശേഷം വളരെ വ്യക്തമായി കോടതി തന്നെ പറയുന്നത്, 3 (b) നാഷണൽ ബിൽഡിംഗ് കോഡ് ഓഫ് ഇന്ത്യ ബാധകമാക്കൽ- ഈ ചട്ടങ്ങളിൽ നാഷണൽ ബിൽഡിംഗ് കോഡിലെ വ്യവസ്ഥകൾ പ്രതിപാദിച്ചിരിക്കുന്ന സ്ഥലങ്ങളിലെല്ലാം നിലവിലുള്ള കോഡിലുള്ള വ്യവസ്ഥകൾ പാലിക്കേണ്ടതാണെന്ന് നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുണ്ടെന്ന കാര്യം കൂടി കോടതി സൂചിപ്പിക്കുന്നുണ്ട്. ഈ ഉത്തരവ് പറയുന്നതുതന്നെ, ആഭ്യന്തര വകുപ്പ് കേരള ഫയർ ആന്റ് റസ്ക്യൂ സർവ്വീസസ്, 12 മീറ്ററിന് മുകളിലുള്ള കെട്ടിടങ്ങൾക്ക് അഗ്നിസുരക്ഷാ വകുപ്പിന്റെ എൻ.ഒ.സി. നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ പരിഷ്കരിച്ച് ഉത്തരവുകൾ പുറപ്പെടുവിക്കുന്നുവെന്നാണ്. ഈ രൂളിലെ വ്യവസ്ഥകൾക്ക് മാറ്റം വരുത്താനുള്ള അധികാരം നിയമസഭയിലെ സബ്ജക്ട് കമ്മിറ്റിയിൽ മാത്രം അന്തർലീനമായിട്ടുള്ള കാര്യമാണ്. ഇത് ക്യാബിനറ്റ് ചേർന്ന് നിലവിലുള്ള വ്യവസ്ഥകൾക്ക് യാതൊരു മാറ്റവും വരുത്താൻ ഉദ്ദേശിക്കുന്നില്ലെങ്കിൽ ഈ കോടതി വിധിയെ അനുസരിച്ചാണെങ്കിൽ ഇത്തരമൊരു ഉത്തരവ് ഇറക്കാൻ സാധ്യമല്ല. മാത്രവുമല്ല, ഈ ഉത്തരവിൽ പറയുന്ന കാര്യം എന്താണെന്ന് വ്യക്തവുമല്ല. ഉത്തരവിലെ നാലാമത്തെ പാരഗ്രാഫിൽ പറയുന്നത്, സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. നാഷണൽ ബിൽഡിംഗ് കോഡ് ഓഫ് ഇന്ത്യ, 2005 കെട്ടിട നിർമ്മാണത്തിനുള്ള മാർഗ്ഗരേഖ മാത്രമായതിനാൽ കെട്ടിട

LIBRARY ARCHIVES Kerala Legislative Assembly